Page 1 of 2

കണ്ടൽ ജലകൃഷി പദ്ധതി

63 (3278) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതി വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന കണ്ടൽ ജലകൃഷി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) ഏതെല്ലാം കേന്ദ്ര ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി സംബന്ധിച്ച സാദ്ധ്യതാപഠനം പൂർത്തിയാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) കണ്ടൽ ജലകൃഷിക്കായി പ്രത്യേക പദ്ധതികളൊന്നും നിലവിൽ പരിസ്ഥിതി വകുപ്പ് നടപ്പാക്കുന്നില്ല.

(ബി-ഡി) ചോദ്യമുദിക്കുന്നില്ല.

കുളങ്ങളുടെയും ജലസ്രോതസ്സുകളുടെയും സംരക്ഷണം

64 (3279) ശ്രീ. എം. പി. വിൻസെന്റ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുളങ്ങളുടെയും ജലസ്രോതസ്സുകളുടെയും സംരക്ഷണത്തിലൂടെ ജൈവവൈവിധ്യം സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) വംശനാശം നേരിടുന്ന മത്സ്യസമ്പത്തിനെയും സസ്യസമ്പത്തിനെയും സംരക്ഷിക്കുവാൻ എന്തൊക്കെ കർമ്മ പദ്ധതിയാണ് ബയോഡൈവേഴ്സിറ്റി ബോർഡ് നടപ്പിലാക്കുന്നത് ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) സസ്യസമ്പത്തിനു വംശനാശം സംഭവിക്കാതിരിക്കാൻ, ജൈവ വൈവിദ്ധ്യ-പൈതൃക സ്ഥാനങ്ങൾ സംരക്ഷിക്കാനും കാവുകൾ നിലനിർത്താനും പദ്ധതികളുണ്ട്. കൂടാതെ അപൂർവ്വവും വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നതും വംശനാശ ഭീഷണി (RET-Rare, Endangered, Threatened) നേരിടുന്നതുമായ സസ്യങ്ങൾ നട്ടുപിടിപ്പിച്ച് സംരക്ഷിക്കുന്നതിനായി ബോർഡ് 'ശാന്തിസ്ഥൽ' എന്ന

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 2

പദ്ധതി നടപ്പിലാക്കിവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജൈവവൈവിദ്ധ്യ പരിപാലന സമിതികൾ എന്നിവ മുഖേനയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. നാടൻ മത്സ്യങ്ങളുടെ പ്രജനനത്തിനുള്ള പ്രകൃതിദത്ത സൗകര്യങ്ങൾ പുനഃസ്ഥാപിക്കാനും അക്കാലത്ത് മൽസ്യബന്ധനം നിയന്ത്രിക്കാനും ചില നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

പാമ്പക്കുടിപ്പുഴയിലെ വൈന്തലയിലെ 'ഓക്സ്ബോ' തടാകം സംരക്ഷിക്കാൻ നടപടി

65 (3280) ശ്രീ. ബി. ഡി. ദേവസ്സി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാമ്പക്കുടിപ്പുഴയുടെ വലതുകരയിൽ വൈന്തല അമ്പഴക്കാട് പ്രദേശത്ത് സ്ഥിതിചെയ്യുന്ന 'ഓക്സ്ബോ' പ്രതിഭാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രതിഭാസം സംരക്ഷിക്കുന്നതിനും സൂക്ഷ്മനിരീക്ഷണവും, സമഗ്ര പഠനവും നടത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ ;

(സി) കേരളത്തിലെ ലക്ഷണമൊത്ത ഓക്സ്ബോതടാകമായ വൈന്തലയിലെ 'ഓക്സ്ബോ തടാകം' സംരക്ഷിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഓക്സ്ബോ പ്രതിഭാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രതിഭാസം സംരക്ഷിക്കുന്നതിനും സൂക്ഷ്മ നിരീക്ഷണവും, സമഗ്ര പഠനവും നടത്തുന്നതിനും നാളിതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(സി) പരിശോധിച്ച് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്ത് വ്യാപകമാകുന്ന എ.സി. വർക്കരണം നിയമവിധേയമാക്കി നിയന്ത്രിക്കുവാൻ നടപടി

66 (3281) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ളോറോ ഫ്ളൂറോ കാർബൺ (സി. എഫ്. സി.)-ന്റെ അളവ് അന്തരീക്ഷത്തിൽ ക്രമാതീതമായി വർദ്ധിക്കുന്നതിന്റെ ഫലമായി കാലാവസ്ഥയിൽ വരുന്ന വ്യതിയാനം കണക്കിലെടുത്ത് സംസ്ഥാനത്ത് വ്യാപകമാകുന്ന എ.സി.-യുടെ ഉപയോഗം നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) എ.സി. സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ സർക്കാരിന്റേയോ അനുമതി വാങ്ങിയിരിക്കണം എന്ന രീതിയിലുള്ള നിയമനിർമ്മാണം നടത്തി എ.സി.-യുടെ ഉപയോഗം നിരുൽസാഹപ്പെടുത്തുവാനും നിയന്ത്രിക്കുവാനും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly